**പതിമൂന്നാം കേരളനിയമസഭ**

**ആറാം സമ്മേളനം**

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 835 11.12.2012-ല്‍ മറുപടിയ്ക്ക്

## ഖനനം മൂലമുള്ള പരിസ്ഥിതി പ്രശ്നങ്ങള്‍

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. എന്‍. എ. നെല്ലിക്കുന്ന്<br>ശ്രീ. പി. കെ. ബഷീര്‍<br>ശ്രീ. പി. ഉബൈദുള്ള<br>ശ്രീ. കെ. എം. ഷാജി | ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി<br>(വ്യവസായവും വിവരസാങ്കേതികവും വകുപ്പ് മന്ത്രി) |
| **(എ)** വെട്ടുകല്ല്, പാറ എന്നിവ ഖനനം ചെയ്യുന്നതുമൂലമുള്ള പരിസ്ഥിതി പ്രശ്നങ്ങളെ കുറിച്ച് പഠനം നടത്തിയിട്ടുണ്ടോ; | **(എ)** മൈനിംഗ് & ജിയോളജി വകുപ്പും മലിനീകരണ നിയന്ത്രണ ബോര്‍ഡും ഈ വിഷയത്തില്‍ പഠനം നടത്തിയിട്ടില്ല. എന്നാല്‍ ഇനിമുതല്‍ പരിസ്ഥിതി ആഘാത പഠനം നടത്തിയതിനുശേഷം മാത്രമേ പാറമടകള്‍ക്ക് ഖനനാനുമതി നല്‍കാന്‍ പാടുള്ളൂവെന്ന് ബഹുമാനപ്പെട്ട സുപ്രീം കോടതി ഇടക്കാലവിധി പുറപ്പെടുവിച്ചിട്ടുണ്ട്. |
| **(ബി)** ഖനന മേഖലയിലെ വെള്ളക്കെട്ടുകള്‍ ജീവനാശങ്ങള്‍ക്കിടയാക്കുന്ന അപകടങ്ങളെ കുറിച്ച് പരിശോധിച്ചിട്ടുണ്ടോ; | **(ബി)** ഉണ്ട് |
| **(സി)** ഇത്തരം വെള്ളക്കെട്ടുകള്‍ പരിസ്ഥിതിക്ക് ഹാനികരമാവാത്ത വിധത്തിലും ജീവനാശത്തിനിടയാക്കാത്തവിധവും, കുഴികള്‍ക്ക് രൂപമാറ്റം വരുത്തി ജനജീവിതത്തിന് തടസ്സം സൃഷ്ടിക്കാതിരിക്കാന്‍ ആവശ്യമായ നടപടികള്‍ സ്വീകരിക്കുമോ? | **(സി)** ഖനനാനന്തരം ഉപേക്ഷിക്കപ്പെട്ട ക്വാറികളില്‍ മനുഷ്യനും മറ്റ് വളര്‍ത്തുമൃഗങ്ങളും വീണ് മരണം സംഭവിച്ച വാര്‍ത്തകള്‍ റിപ്പോര്‍ട്ട് ചെയ്യുന്നുണ്ട്. ഖനനശേഷം രൂപപ്പെടുന്ന ഗര്‍ത്തങ്ങള്‍മൂലം ഉണ്ടാകുന്ന പ്രശ്നങ്ങളെക്കുറിച്ചും പ്രസ്തുത ഗര്‍ത്തങ്ങള്‍ ഫലപ്രദമായി പുനരുപയോഗിക്കുന്നതിനെക്കുറിച്ചും പഠിക്കാന്‍ ഒരു കമ്മിറ്റിയെ സര്‍ക്കാര്‍ നിയോഗിച്ചിരുന്നു. ഈ വിഷയത്തില്‍ വിശദമായ പഠനം നടത്തി കമ്മിറ്റിക്ക് ആവശ്യമായ ശുപാര്‍ശകള്‍ സമര്‍പ്പിക്കേണ്ടതിന് ഒരു സബ്കമ്മിറ്റിയെയും നിയോഗിച്ചു. ഈ സബ്കമ്മിറ്റി സര്‍ക്കാരില്‍ വിശദമായ റിപ്പോര്‍ട്ട് സമര്‍പ്പിച്ചിട്ടുണ്ട്. സബ്കമ്മിറ്റി ശുപാര്‍ശകള്‍ സര്‍ക്കാരിന്റെ പരിഗണനയിലാണ്. |

സെക്ഷന്‍ ഓഫീസര്‍